(സി) എങ്കിൽ എന്നത്തേക്ക്;

(ഡി) പാർട്ട് ടൈം ജീവനക്കാരെ ഫുൾടൈം ജീവനക്കാരാക്കി മാറ്റാനുള്ള നടപടി സ്വീകരിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) പാർട്ട് ടൈം കണ്ടിജൻസി ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തെ സംബന്ധിച്ചു കുമാരപിള്ള കമ്മീഷൻ എന്ന പേരിൽ ഒരു കമ്മീഷനെ ഗവൺമെൻറ് നിയമിച്ചിട്ടില്ല. എന്നാൽ നാലാം ശമ്പളക്കമ്മീഷൻ പാർട്ട് ടൈം കണ്ടിജൻസി ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) നാലാം ശമ്പളക്കമ്മീഷൻ ശുപാർശ ചെയ്ത വേതന വർദ്ധനവ് ഗവൺമെൻറ് അംഗീകരിച്ചിട്ടുണ്ട്.

(സി) വേതനം പുനർനിർണ്ണയംചെയ്യുന്നതിനുള്ള അടിസ്ഥാന തീയതി 1-7-1983 ആണ്. പുതുക്കിയ നിരക്കിലുള്ള വേതനം 1-4-1985 മുതൽ നൽകും.

(ഡി) എല്ലാ പാർട്ട് ടൈം ജീവനക്കാരെയും ഫുൾടൈം ജീവനക്കാരായി മാറ്റുക സാദ്ധ്യമല്ല. ലാസ്റ്റ് ഗ്രേഡ് സർവ്വീസിലെ ചില തസ്തികകളും പാർട്ട് ടൈം ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിനായി നിശ്ചയിച്ചിട്ടുണ്ട്. ആ തസ്തികകളിൽ ഒഴിവു വരുന്ന മുറയ്ക്ക് പാർട്ട് ടൈം ജീവനക്കാരെ നിയമിച്ചു വരുന്നുണ്ട്.

ആയുർവ്വേദ കോളേജുകൾ

* 192 [238] ശ്രീ. വി.സി. കബീർ:

,, പി. വിജയദാസ്:

,, എ.വി. താമരാക്ഷൻ:

,, എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ എത്ര ആയുർവ്വേദകോളേജുകൾ ഉണ്ട്;

(ബി) ഈ ആയുർവ്വേദ കോളേജുകളോടനുബന്ധിച്ച് വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനം ലഭിക്കാൻ അനുവാദം നൽകിയിട്ടുള്ള ആയുർവേദാശുപത്രികൾ ഉണ്ടോ;

(സി) ആയുർവ്വേദ കോളേജുകളോടനുബന്ധിച്ച് പ്രായോഗിക പരിശീലനത്തിന് ആശുപത്രികളിലെ ബഡ്ഡും ബന്ധപ്പെട്ട കോളേജുകളിലെ വിദ്യാർത്ഥികളുടെ എണ്ണവും തമ്മിലുള്ള അനുപാതം നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കേരളത്തിലെ ഏതെങ്കിലും സ്വകാര്യ ആയുർവ്വേദ കോളേജുകളിൽ ഈ അനുപാതം അനുസരിച്ച് കിടക്കകളുടെ എണ്ണം ഉണ്ടോ എന്ന് ഗവൺമെൻറ് പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അനുപാതം നിലനിർത്താത്ത കോളേജുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സ്വകാര്യ ആയുർവേദ കോളേജുകളോടനുബന്ധമായി ആയുർവേദ ധർമ്മാശുപത്രികളും പ്രവർത്തിക്കുന്നുണ്ടോ;

(ജി) ഉണ്ടെങ്കിൽ അവയിലെ കിടക്കകളുടെ എണ്ണം എത്രയാണ്;

(എച്ച്) സംസ്ഥാനത്ത് ഗവൺമെന്റ് ആയുർവേദ കോളേജുകളും എത്ര ഉണ്ട്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) നാല്

(ബി) ഉണ്ട്

(സി) ഉണ്ട്

(ഡി) ഉണ്ട്

(ഇ) ഒല്ലൂർ ആയുർവേദ കോളേജ്

(എഫ്) ഉണ്ട്

(ജി) ഒല്ലൂർ ആയുർവേദ കോളേജാശുപത്രിയിൽ 5-ഉം, കോട്ടയ്ക്കൽ ആയുർവേദ കോളേജാശുപത്രിയിൽ 114-ഉം കിടക്കകളും ഉണ്ട്.

(എച്ച്) രണ്ട്.

ആറു മാസത്തിൽ കൂടുതൽ സർവ്വീസുള്ള താൽക്കാലിക ജീവനക്കാർ

* 193 [239] ശ്രീ. എ.സി. ജോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-11-1983-ൽ ആറു മാസത്തിൽ കൂടുതൽ സർവ്വീസുള്ള എത്ര താൽക്കാലിക ജീവനക്കാർ ഉണ്ടായിരുന്നു;

(ബി) ഇവരിൽ എത്ര ജീവനക്കാരെ സ്ഥിരപ്പെടുത്തി;

(സി) അതിൽ എത്ര ഹരിജനങ്ങളേയും വികലാംഗരേയുമാണ് പ്രത്യേക ഉത്തരവുപ്രകാരം സ്ഥിരപ്പെടുത്തിയതെന്നു വ്യക്തമാക്കുമോ;

(ഡി) ഇപ്പോഴും എത്ര താൽക്കാലിക ജീവനക്കാർ സർവ്വീസിലുണ്ട്;

(ഇ) വിവിധ തസ്തികകളിലായി ആറുമാസത്തിനുമേൽ സർവ്വീസുള്ള എത്രപേരുണ്ട്;

(എഫ്) ഇവരെക്കൂടി സർവ്വീസിൽ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഇതുവരെയായി 94 നിയമനാധികാരികളിൽനിന്നും ലഭിച്ച കണക്കനുസരിച്ച് 24-11-1983-ൽ ആറുമാസത്തിൽ കൂടുതൽ സർവ്വീസുള്ള 2964 താല്ക്കാലിക ജീവനക്കാർ ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly